*'CORRUPTION, A CRIME AGAINST NATION'*


**വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,**
**തിരുവനന്തപുരം-695 033,**
**ഇ-മെയിൽ: vig.vacb@kerala.gov.in**
**ഫോൺ: 0471- 2305393**

**തീയതി: 31.12.2024**

# "അഴിമതി വിരുദ്ധ പ്രവർത്തനങ്ങളിൽ വിജിലൻസ് മുന്നേറുന്നു."

സർക്കാരിന്റെ മുഖമുദ്രയായ അഴിമതി മുക്ത കേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി വിജിലൻസ് നടത്തിയ അഴിമതി വിരുദ്ധ പ്രവർത്തനങ്ങളിൽ 2024-ൽ റെക്കാർഡ് നേട്ടവുമായി സംസ്ഥാന വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ. 2024-ൽ ഡിജിറ്റൽ ട്രാപ്പുകൾ ഉൾപ്പെടെ 34 ട്രാപ്പ് കേസ്സുകളിലായി 39 സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥരെയും, 2 കേന്ദ്ര സർക്കാർ ഉദ്യോഗസ്ഥരെയും, 3 ഏജന്റുമാരെയും ഉൾപ്പടെ ആകെ 44 പേരെ വിജിലൻസ് അറസ്റ്റ് ചെയ്യുകയും, അഴിമതി കണ്ടെത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്താകമാനം 930 മിന്നൽ പരിശോധനകളും നടത്തുകയുണ്ടായി.

റവന്യൂ വകുപ്പിൽ നിന്നും 16 ഉം, തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 6 ഉം, മോട്ടോർ വാഹനം, വാട്ടർ അതോറിറ്റി, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, സിവിൽ സപ്ലൈസ്, പൊതുമരാമത്ത്, രജിസ്ട്രേഷൻ, പോലീസ്, ആരോഗ്യം, വൈദ്യുതി, കൃഷി, എന്നീ വകുപ്പുകളിൽ നിന്നും ഓരോന്ന് വീതവും കാസറഗോഡ് കേന്ദ്ര സർവ്വകലാശാല, കേന്ദ്ര തൊഴിൽ വകുപ്പ് എന്നിവിടങ്ങളിൽ നിന്നും ഓരോന്നു വീതവും ട്രാപ്പ് കേസ്സുകളാണ് 2024-ൽ റിപ്പോർട്ട് ചെയ്തത്. 34 ട്രാപ്പ് കേസുകളിലായി റവന്യൂ വകുപ്പിലെ 20 പേരേയും, തദ്ദേശസ്വയംഭരണ വകുപ്പിലെ 10 പേരെയും, ആരോഗ്യം, രജിസ്ട്രേഷൻ എന്നീ വകുപ്പുകളിൽ നിന്നും 2 വീതം പേരെയും, മോട്ടോർ വാഹനം, വാട്ടർ അതോറിറ്റി, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, സിവിൽ സപ്ലൈസ്, പൊതുമരാമത്ത്, പോലീസ്, വൈദ്യുതി, കൃഷി എന്നീ വകുപ്പുകളിലെ ഓരോ

ഉദ്യോഗസ്ഥരെയും 2 കേന്ദ്ര സർക്കാർ ഉദ്യോഗസ്ഥരെയും കൈക്കൂലി വാങ്ങുന്നതിനിടെ വിജിലൻസ് 2024-ൽ അറസ്റ്റ് ചെയ്ത് ജയിലിലടച്ചത്. 34 ട്രാപ്പ് കേസ്സുകളിലായി 7,43,800/-രൂപയാണ് കൈക്കൂലിയായി പിടിച്ചെടുത്തത്.

ഈവർഷം റിപ്പോർട്ട് ചെയ്ത ട്രാപ് കേസുകളിൽ 4 എണ്ണം തിരുവനന്തപുരം വിജിലൻസിന്റെ തെക്കൻ മേഖലയിൽ നിന്നും, 7 ട്രാപ് കേസുകൾ കിഴക്കൻ മേഖലയിൽ നിന്നും, 11 ട്രാപ് കേസുകൾ മദ്ധ്യ മേഖലയിൽ നിന്നും, 12 ട്രാപ് കേസുകൾ വടക്കൻ മേഖലയിൽ നിന്നുമാണ് റിപ്പോർട്ട് ചെയ്തത്.

ഈ വർഷം സംസ്ഥാന വ്യാപകമായും, യൂണിറ്റ് അടിസ്ഥാനത്തിലും വിജിലൻസ് നടത്തിയ വിവിധ മിന്നൽ പരിശോധനകളിൽ 2024 ജനുവരി മുതൽ നവംബർ വരെ കണ്ടെത്തിയ ക്രമക്കേടുകൾക്ക് പിഴയിനത്തിൽ ആകെ 7,83,68,238/- (ഏഴ് കോടി എൺപത്തിമൂന്ന് ലക്ഷത്തി അറുപത്തി എട്ടായിരത്തി ഇരുന്നൂറ്റി മുപ്പത്തെട്ട് ) രൂപ ഈടാക്കിയിട്ടുള്ളതാണ്, ആയതിൽ ജി എസ് ടി വകുപ്പ് ആകെ 11,37,299/- രൂപയും, മോട്ടോർ വാഹന വകുപ്പ് ആകെ 1,00,53,800/- രൂപയും, മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് ആകെ 6,71,77,139/- രൂപയും പിഴ ഈടാക്കിയിട്ടുള്ളതാണ്.

സർക്കാർ ഓഫീസുകളിലെ അഴിമതി കണ്ടെത്തി തടയുന്നതിലേക്കായി രഹസ്യ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ 2024-ൽ 930 മിന്നൽ പരിശോധനകൾ നടത്തിയിട്ടുണ്ട്. കൂടാതെ ഈവർഷം 120 വിജിലൻസ് കേസുകളും, 81 വിജിലൻസ് അന്വേഷണങ്ങളും, 326 പ്രാഥമിക അന്വേഷണങ്ങളും, 28 രഹസ്യ അന്വേഷണങ്ങളും നടത്തിയിട്ടുണ്ട്.

സംസ്ഥാന വ്യാപകമായി ഒരേ സമയം നടത്തുന്ന 6 സംസ്ഥാന തല മിന്നൽ പരിശോധനകൾ 2024-ൽ വിജിലൻസ് നടത്തുകയുണ്ടായി. 2024-ൽ റവന്യു വകുപ്പിൽ "ഓപ്പറേഷൻ സുതാര്യത", "ഓപ്പറേഷൻ കൺവെർഷൻ", "ഓപ്പറേഷൻ വിസ്ഫോടൻ" എന്നീ പേരുകളിലും മോട്ടോർ വാഹന വകുപ്പിൽ "ഓപ്പറേഷൻ ഓവർലോഡ്-III", ഭക്ഷ്യസുരക്ഷാ വകുപ്പിൽ "ഓപ്പറേഷൻ അപ്പിറ്റൈറ്റ്" ആരോഗ്യ വകുപ്പിൽ "ഓപ്പറേഷൻ പ്രൈവറ്റ് പ്രാക്ടീസ്" എന്നീപേരുകളിലുമാണ് വിജിലൻസ് 2024-ൽ സംസ്ഥാനതല മിന്നൽ പരിശോധനകൾ നടത്തിയിട്ടുള്ളത്.

2024-ൽ വിജിലൻസ് ബോധവൽക്കരണത്തിന്റെ ഭാഗമായി വിവിധ വകുപ്പുകളിലെ ആഭ്യന്തര വിജിലൻസ് ഉദ്യോഗസ്ഥർക്കായി സെമിനാറും, വിജിലൻസ് പരിശീലന ക്ലാസ്സുകളും, വിജിലൻസ് ഉദ്യോഗസ്ഥർക്കായി പ്രത്യേക പരിശീലന ക്ലാസ്സുകളും നടത്തുകയുണ്ടായി. ആഭ്യന്തര വിജിലൻസ് ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ സംസ്ഥനതല സെമിനാർ ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.

മുൻ കാലങ്ങളിൽ നിന്നും വ്യത്യസ്ഥമായി ഡിജിറ്റൽ പണമിടപാടുകളിൽ കൂടിയും, ക്യാഷ് ഡെപ്പോസിറ്റ് മെഷീനുകളിൽ പണം

നിക്ഷേപിച്ചും മറ്റും പുതിയ തലത്തിലുള്ള ആസൂത്രിതമായ കൈക്കൂലി ഇടപാടുകൾ നടത്തിയതും വിജിലൻസ് ഡിജിറ്റൽ നിരീക്ഷണങ്ങളിലൂടെ പിടികൂടുകയുണ്ടായി. പ്രതികൾ വാങ്ങുന്ന ട്രാപ്പ് കേസ്സുകളിലെ കൈക്കൂലി തുകയിൽ വൻ വർദ്ധനവാണ് കാണപ്പെട്ടത്. വില്ലേജ് ഓഫീസുകളിലും മറ്റും മുൻ കാലങ്ങളിൽ 100, 500 രൂപയുടെ കേസ്സുകളാണ് പിടിക്കപ്പെട്ടിരുന്നതെങ്കിൽ ഇപ്പോൾ ലക്ഷങ്ങളാണ് പിടിച്ചെടുത്തത്. ഇടുക്കി ഡി.എം.ഓ ഗൂഗിൾ-പേ ആയി ഏജന്റ് വഴി 1 ലക്ഷം രൂപ വാങ്ങിയതും, സർവ്വേ ഉദ്യോഗസ്ഥൻ കൈക്കൂലി തുക നേരിട്ട് കൈയ്യിൽ വാങ്ങാതെ പരാതിക്കാരനെ കൊണ്ട് ക്യാഷ് ഡെപ്പോസിറ്റ് മെഷീനിൽ നിക്ഷേപിച്ചതും വിജിലൻസ് പിടികൂടുകയുണ്ടായി.

പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിന് സോഷ്യൽ മീഡിയയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നിലേക്ക് 2024-ൽ വിജിലൻസിന്റെ സോഷ്യൽ മീഡിയ വിഭാഗത്തെ ശക്തിപ്പെടുത്തുകയും അതുവഴി അഴിമതിയുടെ ദൂഷ്യവശങ്ങളെപ്പറ്റിയും, അഴിമതി സമൂഹത്തിലുണ്ടാക്കുന്ന അപചയങ്ങളെപ്പറ്റിയുമുള്ള സന്ദേശങ്ങൾ നൽകിയത് സമൂഹത്തിൽ ജനങ്ങളെ വിജിലൻസിലുള്ള വിശ്വാസം വർദ്ധിപ്പിക്കുന്നതിന് ഇടയാക്കിയട്ടുണ്ട്.

ഐശ്വര്യ പൂർണവും, സമ്പൽസമൃദ്ധി നിറഞ്ഞതും, അഴിമതി രഹിതവുമായ ഒരു പുതു വർഷം വിജിലൻസ് ഡയറക്ടർ ശ്രീ. യോഗേഷ് ഗുപ്ത ഐ.പി.എസ് പൊതുജനങ്ങൾക്ക് നേരുകയും പുതുവർഷത്തിലും വിജിലൻസിന്റെ പ്രവർത്തനത്തിന് പൊതു ജനങ്ങളുടെ സഹകരണം തുടർന്നും തേടുകയും ചെയ്തു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. യോഗേഷ് ഗുപ്ത ഐ.പി.എസ് അഭ്യർത്ഥിച്ചു.